കായികരംഗത്ത് 110 മീറ്റർ ഹർഡിൽസിൽ സംസ്ഥാനതലത്തിൽ ഒന്നാം സമ്മാനം നേടി രാജ്യതലത്തിലേക്ക് മത്സരിക്കാൻ തെരഞ്ഞെടുക്കപ്പെട്ട മുണ്ടാജെയിലെ തേജൽ കിഴക്കേടത്ത് നെ അഭിവന്ദ്യ പിതാവ് പൊന്നാട അണിച്ച് ട്രോഫി നൽകി ആദരിച്ചു.

### ക്രിസ്തോത്സവ ക്യാമ്പ്

മാർച്ച് 31, ഏപ്രിൽ 1, 2 തീയതികളിലും
ഏപ്രിൽ 10 - 12 തീയതികളിലും നടത്തുന്നതായിരിക്കും.

### വാർഷിക പരീക്ഷ

ഏപ്രിൽ 6 ന് ആയിരിക്കും.

# ചെറുപുഷ്പ മിഷൻലീഗ്

## മിഷൻഗ്രാമം

നിങ്ങൾക്ക് നൽകിയിരിക്കുന്ന മിഷൻ ഗ്രാമം പ്രേഷിത പ്രവർത്തനം നടത്താനുള്ള സ്ഥലമാണ്. ഇതുവരെയും മിഷൻ ഗ്രാമവുമായി ബന്ധപ്പെട്ടിട്ടില്ലെങ്കിൽ അത് ഉടനെ ചെയ്യേണ്ടതാണ്. നിങ്ങളുടെ മിഷൻഗ്രാമ പ്രവർത്തനങ്ങളെക്കുറിച്ച് ഒരു ചെറിയ വിവരണം എഴുതേണ്ടതാണ്. അതിൽ ഈ താഴെപ്പറയുന്ന കാര്യങ്ങൾ ഉൾപ്പെട്ടിരിക്കണം:

1. മിഷൻ ഗ്രാമത്തിന്റെ പേര് 2. അവിടുത്തെ അച്ചന്റെ പേര് 3. നിങ്ങൾ ബന്ധപ്പെട്ട വ്യക്തികൾ 4. അവിടെയുള്ള മിഷൻ ലീഗ് കുട്ടികളുടെ വിവരങ്ങൾ 5. അവിടെയുള്ള ആകെ വീടുകൾ 6. അവരുടെ ആധ്യാത്മികവും സാമ്പത്തികവുമായ സ്ഥിതി 7. നിങ്ങൾ അവിടെ എന്താണ് ചെയ്തത് 8. എത്ര പ്രാർത്ഥന ചൊല്ലി സമർപ്പിച്ചു.

## മിഷൻ ക്വസ്റ്റ്

2024ലെ മിഷൻ ക്വസ്റ്റ് പരീക്ഷ ഡിസംബർ 14ന് വൈകുന്നേരം ആറുമണിക്ക് ഓൺലൈനിൽ നടന്നു. നമ്മുടെ രൂപതയിൽ നിന്നും 78 മുതിർന്നവരും 60 കുട്ടികളുമാണ് ഇതിൽ പങ്കെടുത്തത്. പങ്കെടുത്ത എല്ലാവർക്കും അഭിനന്ദനങ്ങൾ. രൂപതാതല വിജയികളുടെ പേര് വിവരങ്ങൾ:

**കുട്ടികൾ:**

1. ക്രിസ്റ്റീന മരിയ ടോം, കങ്കനാടി
2. ജോസ്ബിൻ ജോബി, അജെക്കാർ
3. ശ്രേയ റോസ്‌ലിൻ അറാക്കൽ, ബെൽത്തംഗഡി.

**മുതിർന്നവർ:**

1. ജെസ്സി ജോർജ്, മൺട്രാഡി
2. ലിഡിയ സന്തോഷ് കുന്നത്തേൽ, തോട്ടത്താടി
3. ജയമ്മ വർഗീസ്, കങ്കനാടി.

## സെമിനരി ഫണ്ട് നല്കിയവർ

| | | | | | |
|---|---|---|---|---|---|
| Addahole | - | 1000, | Belthangady | - | 1500, |
| Devagiri | - | 1000, | Kalmakki | - | 500, |

| | | | | | |
|---|---|---|---|---|---|
| Udane | - | 1000, | Arla | - | 1000, |
| Nettana | - | 500, | | | |
| Guthigar | - | 500, | | | |

**മിഷൻസണ്ടേ ഓഹരി നൽകിയവർ**

| | | |
|---|---|---|
| Jadkal | - | 10,000, |
| Gandibagilu | - | 15,000, |
| Nettana | - | 4000, |
| Belthangady | - | 12,000, |
| Kalmakki | - | 2000, |
| Addahole | - | 6,000, |
| Arla | - | 7,000 |

**വയനാടിനു സഹായം**

| | | |
|---|---|---|
| Udane | - | 600, |
| Nettana | - | 1300 |
| Bajagoli | - | 1660 |

**പ്രവർത്തനം**

ഒരു ദിവസം ഒരു നന്മപ്രവർത്തി ചെയ്ത് ലോകസമാധാനത്തിനു വേണ്ടി പ്രാർത്ഥിക്കുക. ചെയ്ത നന്മ പ്രവർത്തികൾ നോട്ടുബുക്കിൽ എഴുതി ക്ലാസ് ടീച്ചറിനെ കാണിക്കുക.

**വചനം**

"വചനം മാംസമായി നമ്മുടെ ഇടയിൽ വസിച്ചു അവിടുത്തെ മഹത്വം നമ്മൾ ദർശിച്ചു കൃപയും സത്യവും നിറഞ്ഞതും പിതാവിൻറെ ഏകജാതൻറേതുമായ മഹത്വം." – യോഹ 1:14.

**അനുസ്മരിക്കുന്ന തിരുനാൾ**

വിശുദ്ധ സെബസ്ത്യാനോസ് – ജനുവരി 20

**സുകൃതജപം:** "ഉണ്ണീശോയെ എന്നോടൊപ്പം വസിക്കണമേ."

# തിരുബാലസഖ്യം

## തിരുബാലസഖ്യ ദിനം

ഫെബ്രുവരി 9 തിരുബാലസഖ്യ ദിനമായി നമ്മൾ ആഘോഷിക്കുകയാണ്. അന്നേദിവസം കാഴ്ച സമർപ്പണവും

കലാപരിപാടികളും ആസൂത്രണം ചെയ്തു കുട്ടികൾക്ക് അനുഗ്രഹപ്രദമാക്കണമെന്ന് അറിയിക്കുന്നു.

**പ്രവർത്തനം**

ഒരു നന്മനിറഞ്ഞ മറിയമേ ... പ്രാർത്ഥന ചൊല്ലി എല്ലാ ദിവസവും ഉണ്ണീശോയ്ക്ക് കാഴ്ചവച്ച് ഉണ്ണീശോയെ ഞാൻ നിന്നെ സ്നേഹിക്കുന്നു എന്ന് പറയണം.

**വചനം**

ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ഒരു രക്ഷകൻ കർത്താവായ ക്രിസ്തു ഇന്ന് ജനിച്ചിരിക്കുന്നു. - ലൂക്കാ 2:11.

**അനുസ്മരിക്കുന്ന തിരുനാൾ**

വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസ് - ജനുവരി 3.

**സുകൃതജപം**

ഉണ്ണീശോയെ എന്നിൽ വന്ന് വസിക്കണമേ.

# ബൈബിൾ അപ്പസ്തോലേറ്റ്

## ബൈബിൾ ക്വിസ് - 2024

2024 ലെ രൂപതാതല ജ്ഞാന സന്ദേശ ബൈബിൾ ക്വിസ് ഡിസംബർ 15 ആം തീയതി ജ്ഞാനനിലയത്തിൽവച്ച് വളരെ നന്നായി നടന്നു. കുട്ടികളുടെ 18 ടീമുകളും മുതിർന്നവരുടെ 15 ടീമുകളും ഇതിൽ പങ്കെടുത്തു.

രാവിലെ 9 മണിക്ക് വി. കുർബാനയോടുകൂടി ആരംഭിച്ചു. 10.30 ന് എലിമിനേഷൻ റൗണ്ടും 12:00 മണിക്ക് കുട്ടികളുടെ ബൈബിൾ ക്വിസ്സ് ഫൈനൽ റൗണ്ടും നടന്നു. ഉച്ചഊണിന് ശേഷം രണ്ടുമണിക്ക് മുതിർന്നവരുടെ ബൈബിൾ ക്വിസ് ഫൈനൽ റൗണ്ട് നടന്നു. 3.00 മണിയോടെ സമാപന സമ്മേളനം ആരംഭിച്ചു.

അഭിവന്ദ്യമാർ ലോറൻസ് പിതാവിന്റെ അധ്യക്ഷതയിൽ നടന്ന സമ്മേളനത്തിൽ പെരിയ ബഹു. വികാരി ജനറൽ ജോസ് വലിയപറമ്പിൽ അച്ചൻ, ബഹു. ചാൻസിലർ ലോറൻസ് പൂണൂലിൽ അച്ചൻ, FCC Re-

gional superior ബഹുമാനപ്പെട്ട ഡയ്സി എഫ്.സി.സി., മിഷൻ ലീഗിന്റെ അന്തർദേശീയ ജനറൽ ഓർഗനൈസർ ശ്രീ ജോൺ കൊച്ചു ചെറുനിലം, ടോപ്പർസിന്റെ പ്രതിനിധിയായി അജിത്ത് കിഴക്കേഭാഗം, ജൂബിലേറിയൻ അധ്യാപകരുടെ പ്രതിനിധിയായി ശ്രീ ജോയ് കണ്ണം പുഴ, ഹർഡൽസിൽ സംസ്ഥാനത്തിൽ റെക്കോർഡ് സ്ഥാപിച്ച തേജൽ കിഴക്കേടത്ത്, ഏഴാംക്ലാസിൽ 100% മാർക്കോടുകൂടി സ്കോളർഷിപ്പ് കരസ്ഥമാക്കിയ ജേക്കബ് വലിയപറമ്പിൽ എന്നിവർ വേദിയിൽ സന്നിഹിതരായിരുന്നു. ബഹുമാനപ്പെട്ട ജോസഫ് മറ്റത്തിൽ അച്ഛനും ശ്രീ വർഗീസ് കഴുതാടി യിൽ സാറും ആണ് ക്വിസ് മാസ്റ്റർ ആയിരുന്നത്.

ജ്ഞാനസന്ദേശ ബൈബിൾ ക്വിസ് - 2024 വിജയികളുടെ പേര് വിവരങ്ങൾ:

**Juniors:**

**1st - St Joseph's Church, KUTHLUR**

1. Jacob valiyaparambil
2. Francis valiyaparambil
3. Manita vattathara
4. Anson perukunnel
5. Josangelo azhikanickal

**2nd - St. Thomas Church, GANDIBAGILU**

1. Teena valliparambil
2. Ashley madavath
3. Delvin davis kuttappassery
4. Tessa Maria Nandalath
5. Sneha Elizabeth Kallikatt

**3rd - St. Mary's Church, KATIPALLA**

1. Aaron Kanakalayil
2. Akshara Valiyaparambil
3. Jiya Kalathiparambil
4. Sneha Vadakumpadan
5. Aleena Valiyaparambil

**Seniors:**

**1st St. Thomas Church, GANDIBAGILU**

1. Baby Valliparambil
2. Mini Puthiyedath
3. Ruby Kazhuthadiyil
4. Anju Puthiyedath
5. Ujwal Pallickal

**2nd - St. Mary's Church, KATIPALLA**

1. Jineesh Thekkepurathadathil
2. Suni Thomas Choolayil
3. Jeslin Johnson Kollanazhikath
4. Sr. nimi OP Dominican
5. Anooja Xavier Chembrapally

**3rd - St. Mary's Church, ARLA**

1. Divin Pampackal
2. Sr. Alice George SH
3. Lilly Perumpally
4. Leela Murinjakallel
5. Jostin Nenmanimattom

എല്ലാവർക്കും അഭിനന്ദനങ്ങൾ.

## വിശുദ്ധ യോഹന്നാൻ അറിയിച്ച സുവിശേഷം പഠിക്കാം

കഴിഞ്ഞ മൂന്നു വർഷങ്ങളിലായി നമ്മൾ സമാന്തര സുവിശേഷങ്ങളായ വിശുദ്ധ മർക്കോസ്, വിശുദ്ധ ലൂക്കാ, വിശുദ്ധ മത്തായി എന്നീ സുവിശേഷങ്ങൾ പഠിച്ചു. ഈ വർഷം നമ്മൾ വിശുദ്ധ യോഹന്നാൻ അറിയിച്ച സുവിശേഷം പഠിക്കുകയാണ്. വി. യോഹന്നാന്റെ സുവിശേഷം വായിക്കുകയും എഴുതുകയും അതുപോലെ ബൈബിൾ സ്കിറ്റുകൾക്കായി ഉപയോഗിക്കുകയും ചെയ്യണം. വിശുദ്ധ യോഹന്നാന്റെ സുവിശേഷം നന്നായി പഠിച്ച് വചനത്തിലൂടെ ജീവിക്കുന്ന യേശുവിനെ നമുക്ക് സ്വന്തമാക്കാം. എല്ലാ മാസവും രണ്ട് അധ്യായം വീതം എഴുതിയാൽ നവംബർ ആകുമ്പോഴേക്കും എഴുതിത്തീർക്കാൻ സാധിക്കും. ജനുവരി മാസം മുതൽ തന്നെ കുട്ടികളെകൊണ്ട് നിയോഗം വച്ച് എല്ലാ മാസവും രണ്ട് അധ്യായം വീതം എഴുതിക്കാൻ അധ്യാപകർ ശ്രമിക്കണം.

## വിശുദ്ധ യോഹന്നാൻ അറിയിച്ച സുവിശേഷം

യോഹന്നാന്റെ സുവിശേഷവും അദ്ദേഹത്തിന്റെ പേരിൽ അറിയപ്പെടുന്ന മൂന്ന് ലേഖനങ്ങളും വെളിപാട് പുസ്തകവും ഉൾപ്പെടുന്ന ഗ്രന്ഥസമുച്ചയത്തെ യോഹന്നാന്റെ സാഹിത്യം എന്നാണ് വിളിക്കുന്നത്. സമാന്തര സുവിശേഷങ്ങളിൽനിന്ന് ഏറെ വ്യത്യസ്തതകൾ പുലർത്തുന്നതാണ് യോഹന്നാന്റെ സുവിശേഷം. യേശുവിന്റെ വ്യക്തിത്വം, ജീവിതം, പ്രബോധനങ്ങൾ എന്നീ വിഷയങ്ങളിലും ആധ്യാത്മികവും ദൈവശാസ്ത്രപരവുമായ കാഴ്ചപ്പാടുകളിലും സമവീക്ഷണ സുവിശേഷങ്ങളും യോഹന്നാന്റെ സുവിശേഷവുമായി പ്രകടമായ അന്തരങ്ങളുണ്ട്. രണ്ടാം നൂറ്റാണ്ടിൽ അലക്സാണ്ട്രിയായിലെ ക്ലെമന്റ് ഇതിനെ ആധ്യാത്മിക സുവിശേഷം എന്നു വിളിച്ചു. സമ വീക്ഷണ സുവിശേഷങ്ങൾ എഴുതപ്പെട്ട ശേഷം 90 കളിൽ യോഹന്നാന്റെ സുവിശേഷം രചിക്കപ്പെട്ടതിനാൽ ക്രിസ്തു രഹസ്യങ്ങളെപറ്റി കൂടുതൽ ആഴത്തിലുള്ള ഉൾക്കാഴ്ചകൾ ഇതിൽ കാണാവുന്നതാണ്.

യേശുവിന്റെ അരുമ ശിഷ്യനായ യോഹന്നാൻ തന്നെയാണ് ഈ സുവിശേഷം എഴുതിയത് എന്നതിന് തെളിവുകളുണ്ട്. 21 അധ്യായങ്ങളും 880 വചനങ്ങളുമാണ് ഇതിൽ ഉള്ളത്. ഈ സുവിശേഷത്തെ ദൈവശാസ്ത്രപരമായ സുവിശേഷം എന്നാണ് വിളിക്കുന്നത്. കാരണം ഈ സുവിശേഷം ക്രിസ്തു രഹസ്യത്തെപറ്റി കൂടുതൽ ആഴത്തിൽ ഉൾകാഴ്ചകൾ തരുന്നുണ്ട്.

യോഹന്നാൻ എന്ന ഹീബ്രു പേരിന്റെ അർത്ഥം ദൈവം കരുണാമയൻ എന്നാണ്. ശിഷ്യൻമാരായ യാക്കോബും യോഹന്നാനും സെബദിയുടെ മക്കളാണ്. ഇവരെ ഇടിമുഴക്കത്തിന്റെ പുത്രന്മാർ എന്നു വിളിച്ചിരിക്കുന്നു. യോഹന്നാൻ എപ്പോഴും യേശുവിന്റെ അടുത്തായിരിക്കാൻ ആഗ്രഹിച്ചിരുന്നു. യേശുവും യോഹന്നാനെ കൂടുതൽ സ്നേഹിച്ചിരുന്നു. (മർക്കോസ് 5:37, യോഹന്നാൻ 19:26)

പാരമ്പര്യമനുസരിച്ച് യോഹന്നാൻ എഫെസൂസിൽവച്ചാണ് സുവിശേഷവും ലേഖനങ്ങളും എഴുതിയത്. പാത്മോസ് ദ്വീപിലേക്ക് നാടുകടത്തപ്പെട്ട യോഹന്നാൻ അവിടെവച്ച് വെളിപാട് പുസ്തകം എഴുതി. നൂറാമത്തെ വയസ്സിൽ അദ്ദേഹം മരിച്ചു.

യോഹന്നാന്റെ സുവിശേഷ സന്ദേശത്തിന്റെ സത്ത ഉൾക്കൊള്ളുന്ന ഒരാമുഖത്തോടെയാണ് (1:1-18) ഗ്രന്ഥം തുടങ്ങുന്നത്.

സുവിശേഷത്തിനു മുഴുവനുമായുള്ള ഒരാമുഖമാണിതെന്ന് പറയാം. തുടർന്നുവരുന്ന അടയാളങ്ങളുടെ ഗ്രന്ഥം എന്ന് വിശേഷിപ്പി ക്കപ്പെടുന്ന വിവരണത്തിലെ ആദ്യ ഭാഗത്ത് (1:19 മുതൽ 12:50 വരെ) യേശു ദൈവപുത്രനും മിശിഹായും ആണെന്ന് സൂചിപ്പിക്കുന്ന 7 അടയാളങ്ങളാണുള്ളത്. രണ്ടാമത്തെ ഭാഗം മഹത്വത്തിന്റെ ഗ്രന്ഥം എന്നാണ് വിശേഷിപ്പിക്കപ്പെട്ടിരിക്കുന്നത് (13:1–20:31). യോഹന്നാന്റെ വീക്ഷണത്തിൽ ദൈവമഹത്വത്തിലേക്ക് യേശു പ്രവേശിക്കുന്നത് പീഡാനുഭവവും മരണവും ഉത്ഥാനവും വഴിയാണ്. അധ്യായം 21 ഉപസംഹാരമാണ്.

ദൈവശാസ്ത്രപരമായ വിചിന്തനങ്ങളിലൂടെ തന്റെ സമൂഹത്തെ പരിപോഷിപ്പിക്കുക എന്നതായിരുന്നു സുവിശേഷകന്റെ ലക്ഷ്യം. യേശു ആരാണെന്ന് തിരിച്ചറിവാണ് എല്ലാ വിചിന്തനങ്ങളുടെയും കേന്ദ്രബിന്ദു. യേശു ക്രിസ്തുവും (മിശിഹായും) ദൈവപുത്രനുമാണെന്ന് തെളിയിക്കുകയാണ് ഗ്രന്ഥകാരന്റെ ലക്ഷ്യം. വായനക്കാരൻ ആ തിരി ച്ചറിവിലേക്ക് വരികയും അത് വിശ്വസിക്കുന്നതുവഴിയായി ജീവൻ പ്രാപിക്കുകയും വേണം (20:30,31). മാംസമായ വചനമാണ് യേശു എന്ന് ആമുഖത്തിൽ പറയുന്നതുവഴി യേശു ദൈവപുത്രനാനെന്ന് സമർത്ഥി ക്കുകയാണ് ഗ്രന്ഥകാരൻ.

**1:1–18:** സുവിശേഷത്തിന്റെ ആമുഖം. പിതാവായ ദൈവവും അവിടുത്തെ പുത്രനും തമ്മിലുള്ള ബന്ധവും ലോകത്തിലേക്കുള്ള പുത്രന്റെ ഇറങ്ങിവരവും വിവരിക്കുന്നു.

**1:1: – ആദിയിൽ:** ഉത്പത്തിയിലെ ആദ്യ പദവും ഇതുതന്നെ. ആദിയിൽ എന്ന പദപ്രയോഗംവഴി യോഹന്നാൻ പ്രപഞ്ചസൃഷ്ടിയുടെ (ഉത്പ 1:1) സൂചന നല്കി, ക്രിസ്തുവിലുള്ള പുതിയ സൃഷ്ടിയിലേക്ക് നമ്മുടെ ശ്രദ്ധ തിരിക്കുന്നു. (1:14, വെളി 21:1–5). **ആയിരുന്നു:** വചനം ആരംഭത്തിനു മുമ്പേ ഉണ്ടായിരുന്നതാണ് അഥവാ സകല കാലങ്ങൾക്കും അതീതമാണ്. **ദൈവത്തോടുകൂടെ:** പിതാവുമായുള്ള സജീവമായ ബന്ധമാണ് ഇത് സൂചിപ്പിക്കുന്നത്. **വചനം ദൈവമായിരുന്നു:** ദൈവം തന്നെ ആയിരുന്ന വചനം എന്നാണ് അർത്ഥമാക്കുന്നത്. യേശു ദൈവമാണെന്ന് നാലാം സുവിശേഷത്തിൽ പ്രഖ്യാപിക്കപ്പെടുന്ന പ്രഥമവും ഏറ്റവും തെളിമയാർന്നതുമായ വചനഭാഗമാണിത് (5:18, 10:30 32, 20:28). **ദൈവത്തോടുകൂടെ ആയിരുന്നു:** വചനം ദൈവത്തോടുകൂടെ ആയിരുന്നെന്നും അതേസമയം ദൈവമായിരുന്നെന്നും പറയുന്നതുവഴി

ഒരർത്ഥത്തിൽ ഇവർ ഒന്നാണെന്നും, അതേസമയം രണ്ടാണെന്നും അർത്ഥമാക്കുന്നു.

**1:5: വെളിച്ചം – ഇരുൾ:** നന്മയും തിന്മയും തമ്മിലുള്ള പോരാട്ടത്തിന്റെ പ്രതീകമായ (1 യോഹ 2:8–11) ഈ പദപ്രയോഗം ഖുമ്റാൻ ഗുഹകളിൽനിന്നും കണ്ടെടുത്ത ചുരുളുകളിലും കാണാം. യേശുവാകുന്ന യഥാർത്ഥ വെളിച്ചം (1:9, 8:12) മരണത്തെയും പിശാചിനെയും കാപട്യത്തെയും ആട്ടിപ്പായിക്കുന്നു (1 യോഹ 3:8).

**1:6: യോഹന്നാൻ:** രക്ഷാകര പദ്ധതിയുടെ ഭാഗമായി അയക്കപ്പെട്ടവനാണ് സ്നാപകയോഹന്നാൻ. സ്നാനപ്പെടുത്തുന്ന യോഹന്നാനല്ല, സാക്ഷ്യം നല്കുന്ന യോഹന്നാൻ.

**1:9: ലോകത്തിലേക്ക് വരുന്നുണ്ടായിരുന്നു:** എല്ലാ മനുഷ്യരെയും പ്രകാശിപ്പിക്കുന്ന യഥാർത്ഥ പ്രകാശം ലോകത്തിലേക്ക് വരുന്നുണ്ടായിരുന്നു. യഥാർത്ഥ പ്രകാശമായ യേശു വരുന്നതാണ് ഇവിടെ ഉദ്ദേശിക്കുന്നത്.

**1:10: ലോകം:** യോഹന്നാന്റെ സുവിശേഷത്തിൽ മൂന്ന് കാര്യം സൂചിപ്പിക്കുന്നു. 1. ദൈവസൃഷ്ടിയായ പ്രപഞ്ചം (1:10). 2. പാപത്തിൽ കഴിയുന്നവരും രക്ഷ ആവശ്യമുള്ളവരുമായ മനുഷ്യകുലം (3:17). 3. ദൈവത്തോടു മറുതലിച്ച് സത്യത്തെ എതിർക്കുന്ന പൈശാചിക മണ്ഡലത്തിൽ കഴിയുന്നവർ (15:18–20).

**ദൈവമക്കൾ:** ദൈവകൃപയാൽ നാം ദൈവത്തിൽനിന്നും ജനിക്കുമ്പോൾ ദൈവീക ജീവനാൽ നിറക്കപ്പെടുകയും പിതാവിന്റെ മക്കളായി പുനർജനിക്കുകയും ചെയ്യുന്നു (1 യോഹ 3:1–9).

**1:16: കൃപയ്ക്കുമേൽ കൃപ:** യേശുവിൽ വിശ്വസിക്കുന്നവർക്ക് ലഭിക്കുന്ന യേശുവിലുള്ള കൃപയ്ക്ക് അനുസൃതമായ കൃപ. ക്രിസ്തുവിൽ യഥാർത്ഥമായിത്തീർന്ന കൃപയ്ക്ക് അനുസൃതമായ കൃപ എന്ന അർത്ഥം.

**Fr. Joseph Mattam**
Director
Apostolates of Bible & Catechesis

## സന്യാസിനി സംഗമം 2024 : *Sisters' Gathering 2024*
### *Spes 2k24 Religious : Pilgrims of Hope*

സന്യസ്തർ പ്രത്യാശയുടെ വാഹകർ എന്നപ്രമേയം സ്വീകരിച്ച്, ബെൽത്തംഗഡി രൂപതയിലെ 24, 25-ാ മത്തെ സിസ്റ്റേഴ്സിന്റെ സമ്മേളനങ്ങൾ 2024 നവംബർ മാസം 18, 30 തിയതികളിൽ രാവിലെ 09.00 മണി മുതൽ വൈകുന്നേരം 04.00 മണിവരെ ജ്ഞാനനിലയത്തിൽ വച്ച് നടന്നു.

11 സന്യാസ സഭകളിൽ നിന്നായി ആദ്യ ബാച്ചിൽ 54 സിസ്റ്റേഴ്സും രണ്ടാം ബാച്ചിൽ 45 സിസ്റ്റേഴ്സും പങ്കെടുത്തു.

ഭക്തി നിർഭരമായ വി. കുർബാനയോടുകുടി ആരംഭിച്ച ഈ സമ്മേളനങ്ങളുടെ ഉദ്ഘാടന സമ്മേളനത്തിൽ ബെൽത്തംഗഡി വികാരി ജനറൽ പെരിയ ബഹു. ജോസഫ് വലിയപറമ്പിൽ ഏവരെയും ഹൃദ്യമായി സ്വാഗതം ചെയ്തു. സെക്രട്ടറി ബഹു. സി. ലിയ സെബാസ്റ്റ്യൻ എം. എസ്. എം. ഐ. സന്യാസിനി സംഗമം 2023ന്റെ റിപ്പോർട്ട് അവതരിപ്പിച്ചു.

രണ്ട് സമ്മേളനങ്ങളും അഭിവന്ദ്യ പിതാവ് ദീപം തെളിയിച്ച് ഉദ്ഘടനം ചെയ്യുകയും, രൂപതയിൽ പ്രവർത്തിക്കുന്ന സന്യാസിനികളോട് അഭിവന്ദ്യ പിതാവിനും ബഹു. വൈദികർക്കും ഉള്ള സ്നേഹവും, ആദരവും അഭിവന്ദ്യ പിതാവ് ഊന്നി പറയുകയും ചെയ്തു.

രൂപതാ ചാൻസലർ പെരിയ ബഹു. ലോറൻസ് പൂണോലിൽ അച്ചനും, രൂപതയുടെ പാസ്റ്ററൽ സെന്ററർ ഡയറക്ടർ ബഹു. ജോസഫ് മറ്റത്തിൽ അച്ചനും സമർപ്പിതർക്ക് ആശംസകൾ അറിയിച്ചു. ആദ്യ ബാച്ചിൽ മാതൃവേദി രുപതാ ആനിമേറ്റർ റവ. സി. ട്രീസാ കാട്ടൂർ എസ്. എ. ബി.എസും., രണ്ടാം ബാച്ചിൽ ഡി.എസ്.എച്ച്. ജെ. പ്രോവിൻഷ്യൽ സുപ്പീരിയർ റവ. സി. റൂബി തോമസ് ഡി. എസ്. എച്ച്. ജെ. എന്നിവർ ആശംസകൾ അറിയിച്ചു. സെക്രട്ടറി ബഹു. സി. റോസ് തോമസ് എം. എസ്. എം. ഐ. ഉദ്ഘാടനാ യോഗത്തിൻ നന്ദി അറിയിച്ചു.

തുടർന്ന് ക്ലാസ്സുകളായിരുന്നു. ആദ്യ ബാച്ചിൽ ബഹു. സി. ഡോ. പ്രസീനാ എം. എസ്. എം. ഐ. യും, രണ്ടാം ബച്ചിൽ ബഹു. സി. ഡോ. പ്രിൻസി എം. എസ്. എം. ഐ. സന്യസ്ഥർ പ്രത്യാശയുടെ തീർത്ഥാടകർ എന്നി വിഷയത്തെ ആസ്പദമാക്കി ക്ലാസുകൾ എടുത്തു.

രണ്ട് ബാച്ചുകളിലും ചർച്ചയ്ക്ക് ചോദ്യങ്ങൾ നൽകുകയും, ഗ്രൂപ്പുകളായി ചർച്ച ചെയ്യുകയും, ചർച്ചയുടെ പ്രധാന ആശയങ്ങൾ ഓരോ ഗ്രൂപ്പിലെ സെക്രട്ടറിമാർ അവതരിപ്പിക്കുകയും ചെയ്തു. രൂപതാ ചാൻസിലർ പെരിയ ബഹു. ലോറൻസ് പൂണോലിൽ അച്ചൻ ചർച്ചകൾക്ക് നേതൃത്വം നൽകി.

ഈ രണ്ടു ബാച്ചുകളിലായി നടത്തപ്പെട്ട സന്യാസ സംഗമത്തിന്റെ സമാപന സമ്മേളനത്തിൽ വികാരി ജനറൽ പെരിയ ബഹു. ജോസഫ് വലിയപറമ്പിൽ അച്ചനും, രണ്ടാം ബാച്ചിന്റെ സമാപന സമ്മേളനത്തിൽ എഫ്.സി.സി റാണിമരിയ രീജിയണൽ സുപ്പീരിയർ ബഹു. സിസ്റ്റർ ഡെയ്സി തോമസ് എഫ്.സി.സി. സമർപ്പിതർക്ക് ആശംസകൾ അറിയിച്ചു. ബഹു. സി. ജെസിന്ത എസ്. ഡി., ബഹു. സി. ജിൻസി എസ്. എച്ച്, അദ്യബാച്ചിന്റെ സംഗമത്തെക്കുറിച്ചും, ബഹു. സി. വോൾഗാ എസ്. സി. വി., ബഹു. സി. നോബിൾ എഫ്.സി.സിയും, എന്നിവർ സന്യാസിനി സംഗമം 2024 രണ്ടാം ബാച്ചിന്റെ സംഗമത്തേകുരിച്ചും അവലോകനങ്ങൾ നടത്തി.

ബഹു. സി. ജെസിന്ത എസ്. ഡി., ബഹു. സി. ക്രിസ്റ്റീനാ എഫ്. സി. സി., എന്നിവരെ സന്യാസ സമ്മേളനത്തിന്റെ പുതിയ സെക്രട്ടറിമാരായി തിരഞ്ഞെടുത്തു. സന്യാസ സമ്മേളനത്തിന്റെ കഴിഞ്ഞ വർഷത്തെ സെക്രട്ടറിമാരായി സുത്യർഹമായ സേവനം ചെയ്ത ബഹു. സി. റോസ് തോമസ് എം. എസ്. എം. ഐ., ബഹു. സി. ലിയ സെബാസ്റ്റ്യൻ എം. എസ്. എം. ഐ. എന്നിവർക്ക് പ്രത്യേക നന്ദി അറിയിക്കുന്നു.

ബഹു. സി. രശ്മി സി. എം. സി., ബഹു. സി. ലിസ്സ്ബെൽ എസ്. എ. ബി, എസ്., എന്നിവർ സമ്മേളനങ്ങൾക്ക് നന്ദി അറിയിച്ചു.

അഭിവന്ദ്യ പിതാവിന്റെ ആശീർവാദ പ്രാർത്ഥനയോടുകൂടി 2024 -ലെ സന്യാസിനി സംഗമങ്ങൾ സമാപിച്ചു.

**Sr. Rose Thomas MSMI** **Sr. Liya Sebastian MSMI**

**Secretaries**

**Sisters' Gathering**

# ಸಮಾಜ ಸೇವಾ ವಿಭಾಗ

**ನವಜೀವನ ಹೆಚ್.ಐ.ವಿ/ಏಡ್ಸ್ ಆರೈಕೆ ಮತ್ತು ಬೆಂಬಲ ಕಾರ್ಯಕ್ರಮ:**

ಡಿ.ಕೆ.ಆರ್.ಡಿ.ಎಸ್ (ರಿ) ಬೆಳ್ತಂಗಡಿ ಸಂಸ್ಥೆಯು ಹೆಚ್.ಐ.ವಿ ಸೋಂಕಿತ ಮತ್ತು ಬಾಧಿತರಿಗೋಸ್ಕರ ಆರೈಕೆ ಮತ್ತು ಬೆಂಬಲ ನೀಡುವ ಕಾರ್ಯಕ್ರಮವನ್ನು ನಡೆಸುತ್ತಿದೆ.

ದಿನಾಂಕ 21.12.2024 ರಂದು ನವಜೀವನ ಆರೈಕೆ ಹಾಗೂ ಬೆಂಬಲ ಕಾರ್ಯಕ್ರಮವನ್ನು ಹಾಗೂ ಕ್ರಿಸ್ಮಸ್ ಆಚರಣೆಯು ಬೆಳ್ತಂಗಡಿ ಸಾಂತೋಮ್ ಟವರ್‌ನಲ್ಲಿ ನಡೆಯಿತು ಸೈಂಟ್ ತೋಮಸ್ ಚರ್ಚ್ ಗಂಡಿಬಾಗಿಲಿನ ಧರ್ಮಗುರುಗಳಾದ ವ.ಫಾದರ್ ಜೋಸ್ ಆಯಾಂಕುಡಿ ಹಾಗೂ

ಸೈಂಟ್ ತೋಮಸ್ ಪ್ರೌಢಶಾಲೆಯ ಶಿಕ್ಷಕರಾದ ಶ್ರೀ ತೋಮಸ್ ಪಿ.ಎ, ಸ್ನೇಹ ಕಿರಣ್ ಜಿಲ್ಲಾ ಒಕ್ಕೂಟದ ಅಧ್ಯಕ್ಷರಾದ ಶ್ರೀಮತಿ ಏಲಿಯಮ್ಮ ತೋಮಸ್, ಮದರ್ ಸುಪಿರಿಯರ್ ಎಸ್.ಎ.ಬಿ.ಎಸ್ ಕಾನ್ವೆಂಟ್ ಗಂಡಿಬಾಗಿಲು ಸಿಸ್ಟರ್ ಸೆಲಿನ್, ಹಾಗೂ ಶ್ರೀಮತಿ ಪ್ರಭ ಅಧ್ಯಕ್ಷರು ಮಾತೃವೇದಿ ಗಂಡಿಬಾಗಿಲು

ಮುಖ್ಯ ಅತಿಥಿಯಾಗಿ ಆಗಮಿಸಿದರು.ಡಿ.ಕೆ.ಆರ್.ಡಿ.ಎಸ್ ಸಂಸ್ಥೆಯ ನಿರ್ದೇಶಕರಾದ ವಂ.ಫಾದರ್ ಬಿನೋಯಿ ಎ. ಜೆ.ರವರು ಪ್ರಾಸ್ತಾವಿಕವಾಗಿ ಮಾತನಾಡಿದರು. ಅರ್ಥಿಗಳಿಗೆ ಪೌಷ್ಟಿಕ ಆಹಾರದ ಕಿಟ್ ವಿತರಿಸಲಾಯಿತು.

ಕ್ರಿಸ್ಮಸ್ ಆಚರಣೆ ಪ್ರಯುಕ್ತ ಕೇಕ್ ಕತ್ತರಿಸಲಾಯಿತು.

ವರದಿ ಸಾಲಿನಲ್ಲಿ ಒಟ್ಟು ರೂ. 9,500 /– ಈ ಯೋಜನೆಗೆ ಸಂಗ್ರಹವಾಗಿದೆ.

**ಸಮೃದ್ಧಿ ಯೋಜನೆ:**

ಕ್ರಾಸ್ ಸಂಸ್ಥೆ ಬೆಂಗಳೂರು ನೇತೃತ್ವದಲ್ಲಿ ಈ ಯೋಜನೆಯುನ್ನು ಅನುಷ್ಟಾನಗೊಳಿಸಲಾಗುತ್ತಿದ್ದು ಸ್ವ–ಸಹಾಯ ಸಂಘದ ಮಹಿಳೆಯರಿಗೆ ಆದಾಯೋತ್ಪನ್ನ ಚಟುವಟಿಕೆಗಳನ್ನು ಆರಂಭಿಸಲು ಈ ಯೋಜನೆಯ ಮೂಲಕ ಸಾಲವನ್ನು ನೀಡಲಾಗುತ್ತದೆ.

ದಿನಾಂಕ 17.12.2024 ರಂದು ಬೆಳ್ತಂಗಡಿ ಸಂಜಯ ನಗರ ನಂದಾದೀಪ ಸಂಘಕ್ಕೆ 75,000/– ರೂ ಕಿರು ಉದ್ದಿಮೆ ಸಾಲ ನೀಡಲಾಯಿತು.

ಸಾಲ ಪಡೆದುಕೊಂಡ ಸದಸ್ಯರು ಅದನ್ನು ಕ್ರಮಬದ್ಧವಾಗಿ ಮರುಪಾವತಿ ಮಾಡುತ್ತಿದ್ದಾರೆ. ಪ್ರಸ್ತುತ ರೂ. 18,92,930/– ಹೊರಬಾಕಿ ಸಾಲ ಇದೆ.

**ಮಹಿಳಾ ಸಬಲೀಕರಣ ಯೋಜನೆ:**

ಮಿಸೆರಿಯೋರ್ ಪ್ರಾಯೋಜಿತ ಮಹಿಳಾ ಸಶಕ್ತತಾ ಕಾರ್ಯಕ್ರಮವು ಕ್ರಾಸ್ ಸಂಸ್ಥೆಯ ನೇತೃತ್ವದಲ್ಲಿ ಡಿ.ಕೆ.ಆರ್.ಡಿ.ಎಸ್. ಸಂಸ್ಥೆಯ ಮೂಲಕ ಬೆಳ್ತಂಗಡಿ ಮತ್ತು ಕಡಬ ತಾಲೂಕುಗಳ ಆಯ್ದ 30 ಗ್ರಾಮಗಳಲ್ಲಿ ವ್ಯಾಪಿಸಿದೆ. ಒಟ್ಟು 109 ಮಹಿಳಾ ಸ್ವ–ಸಹಾಯ ಸಂಘಗಳು, 8 ಮಹಾಸಂಘಗಳು ಮತ್ತು 2 ನೋಂದಾಯಿತ ಒಕ್ಕೂಟಗಳು ಹಾಗೂ 1 ಜಿಲ್ಲಾ ಒಕ್ಕೂಟ ಇವೆ. ಒಟ್ಟು 1,156 ಮಂದಿ ಸದಸ್ಯರು ಸ್ವ–ಸಹಾಯ ಸಂಘಗಳ ಸದಸ್ಯತ್ವ ಪಡೆದಿದ್ದಾರೆ.

ದಿನಾಂಕ 11.12.2024 ರಂದು ಸಮುದಾಯದ ಅಭಿವೃದ್ಧಿ ಪ್ರೇರಿತ ವಿಧಾನದ ಬಗ್ಗೆ ಕಾಂಚಾಲ್ ಅರ್ಚನಾ, ಪೂಜಾ ಹಾಗೂ ವಂದನಾ ಸಂಘದ ಸದಸ್ಯರಿಗೆ ಸಂಪನ್ಮೂಲ ವ್ಯಕ್ತಿಯಾಗಿ ಜೋನ್ಸನ್‌ರವರ ತರಬೇತಿ ನೀಡಿದ್ದಾರೆ. ಒಟ್ಟು 35 ಮಂದಿ ಸದಸ್ಯರು ಭಾಗವಹಿಸಿದ್ದರು.

ದಿನಾಂಕ 16.12.2024 ರಂದು ಪೆರಲ್ಡ ಪಲ್ಕೆಯಿಂದ ಕಲಾಯಿವರೆಗೆ ರಸ್ತೆ ಡಾಮರೀಕರಣದ ಕುರಿತು ಇಂದಬೆಟ್ಟು ಗ್ರಾಮ ಪಂಚಾಯತಿಗೆ ಶಕ್ತಿ ಸಂಘಧ ಸದಸ್ಯರು ಅರ್ಜಿ ಸಲ್ಲಿಸಿರುತ್ತಾರೆ.

ದಿನಾಂಕ 12.12.2024 ರಂದು ಸ್ನೇಹ ಜ್ಯೋತಿ ಮಹಿಳಾ ತಾಲೂಕು ಒಕ್ಕೂಟ ಬೆಳ್ತಂಗಡಿ (ರಿ) ಇದರ ಸಂಘದ ಪದಾಧಿಕಾರಿಗಳ ಮಹಾಸಭೆಯನ್ನು ಏರ್ಪಡಿಸಲಾಯಿತು. ಅಂದು ಪದಾಧಿಕಾರಿಗಳಿಗೆ ಬೆಳ್ತಂಗಡಿ ಸಾಂತ್ವನ ಸಂಘದ ಆಪ್ತ ಸಮಲೋಚಕಿ ಶ್ರೀಮತಿ ಸೌಮ್ಯರವರು ಮಹಿಳಾ ದೌರ್ಜನ್ಯದ ಬಗ್ಗೆ ತರಭೇತಿ ನೀಡಿದ್ದರು. ಒಟ್ಟು 52 ಸದಸ್ಯರು ಮಾಹಿತಿಯ ಪ್ರಯೋಜನ ಪಡೆದುಕೊಂಡರು. ಡಿ.ಕೆ.ಆರ್.ಡಿ.ಎಸ್ ಸಂಸ್ಥೆಯ ನಿರ್ದೇಶಕರಾದ ವಂ. ಫಾದರ್ ಬಿನೋಯಿ ಎ.ಜೆ ಹಾಗೂ ಒಕ್ಕೂಟ ಅಧ್ಯಕ್ಷೆ ಶ್ರೀಮತಿ ಮಂಜುಳಾ ಜೋನ್‌ರವರು ಉಪಸ್ಥಿತರಿದ್ದರು. ತದನಂತರ ಒಕ್ಕೂಟ ಲೆಕ್ಕಾಚಾರದ ಬಗ್ಗೆ ವರದಿ ಮಂಡಿಸಲಾಯಿತು. ಒಟ್ಟು 62 ಮಂದಿ ಸದಸ್ಯರು ಭಾಗವಹಿಸಿದ್ದರು.

ದಿನಾಂಕ 14.12.2024 ರಂದು ಕುಟ್ರುಪಾಡಿ ಮಹಾಸಂಘ ಸದಸ್ಯರಿಗೆ ಶಿಕ್ಷಣದ ಕುರಿತು ತರಬೇತಿ ನಡೆಯಿತು.ಶ್ರೀಮತಿ ಸುಶೀಲ ಕೆ.ಜಿ ರವರು ತರಬೇತಿ ನೀಡಿದ್ದಾರೆ. 14 ಮಂದಿ ಸದಸ್ಯರು ಭಾಗವಹಿಸಿದ್ದರು.

ದಿನಾಂಕ 13.12.2024 ರಂದು ಕಿರಣ್ ಮಹಿಳಾ ತಾಲೂಕು ಒಕ್ಕೂಟ ಕಡಬ (ರಿ) ಇದರ ಸಂಘದ ಪದಾಧಿಕಾರಿಗಳಿಗೆ ಮಹಾ ಸಭೆಯನ್ನು ಏರ್ಪಡಿಸಲಾಯಿತು. ಅಂದು ಪದಾಧಿಕಾರಿಗಳಿಗೆ ಬೆಳ್ತಂಗಡಿ ಶ್ರೀಮತಿ ಚಂದ್ರಾವತಿ ಇವರು ಆಗಮಿಸಿ,ಅಭಿವೃದ್ಧಿ ಬಿಳಿನೆಲೆ ಅಧಿಕಾರಿ ಪಂಚಾಯತ್

ಕುಟುಂಬದಲ್ಲಿ ಮಹಿಳೆಯರು ಪಾತ್ರ ಎಂಬ ವಿಷಯದ ಬಗ್ಗೆ ತರಬೇತಿ ನೀಡಿದ್ದಾರೆ.ಡಿ.ಕೆ.ಆರ್.ಡಿ.ಎಸ್ ಸಂಸ್ಥೆಯ ನಿರ್ದೇಶಕರಾದ ವಂ. ಫಾದರ್ ಬಿನೋಯಿ ಎ.ಜೆ ಹಾಗೂ ಒಕ್ಕೂಟ ಅಧ್ಯಕ್ಷೆ ಶ್ರೀಮತಿ ಡೈಸಿ ರವರು ಉಪಸ್ಥಿತರಿದ್ದರು. ತದನಂತರ ಒಕ್ಕೂಟ ಲೆಕ್ಕಾಚಾರದ ಬಗ್ಗೆ ವರದಿ ಮಂಡಿಸಲಾಯಿತು. ಒಟ್ಟು 62 ಮಂದಿ ಸದಸ್ಯರು ಭಾಗವಹಿಸಿದ್ದರು.

ದಿನಾಂಕ 22.12.2024 ರಂದು ಕುಟ್ರುಪಾಡಿ ಸ್ನೆಹ ಸಂಘ ಸ್ಥಾಪನಾ ದಿನಾಚರಣೆಯನ್ನು ಆಚರಿಸಲಾಯಿತು.

ದಿನಾಂಕ 17.12.2024 ಮತ್ತು 18.12.2024 ರಂದು ಮಿಸೆರಿಯೋರ್ ಪ್ರಾಯೋಕತ್ವದಲ್ಲಿ ಕ್ರಾಸ್ ಸಂಸ್ಥೆಯ ನೆತೃತ್ವದಲ್ಲಿ ಡಿ.ಕೆ.ಆರ್.ಡಿ.ಎಸ್ (ರಿ) ಬೆಳ್ತಂಗಡಿ, ಸಿ.ಓ.ಡಿ.ಪಿ ಮಂಗಳೂರು, ಕಿಡ್ಸ್ ಪುತ್ತೂರು ಹಾಗೂ ಸಂಪದ ಉಡುಪಿ ಸಂಸ್ಥೆಗಳ ಸಹಕಾರದಿಂದ ಕ್ಲಸ್ಟರ್ ಮಟ್ಟದ ಸ್ಥಳೀಯ ಸಂಪನ್ಮೂಲ ಕ್ರೋಡಿಕರಣ ಕುರಿತು ತರಬೇತಿಯು ಬೆಳ್ತಂಗಡಿ ಜ್ಞಾನನಿಲಯದಲ್ಲಿ ಆಯೋಜಿಸಲಾಗಿತ್ತು. ಅಂದಿನ ಕಾರ್ಯಕ್ರಮದ ಉದ್ಘಾಟನೆಯನ್ನು ವಂ.ಫಾದರ್ ಜೋಸೆಫ್ ಮಟ್ಟಮ್ ನಿರ್ದೇಶಕರು ಜ್ಞಾನ ನಿಲಯ ಇವರು ಮಾಡಿದರು. ಡಿ.ಕೆ.ಆರ್.ಡಿ.ಎಸ್ ಸಂಸ್ಥೆಯ ನಿರ್ದೇಶಕರಾದ ವಂ.ಫಾ| ಬಿನೋಯಿ ಎ.ಜೆ.ರವರು ಪ್ರಾಸ್ತಾವಿಕ ನುಡಿಯನ್ನು ಆಡಿದರು. ಕ್ರಾಸ್ ಸಂಸ್ಥೆಯ ರಾಜ್ಯ ಮಟ್ಟದ ಸಂಯೋಜಕಿ ಶ್ರೀಮತಿ ಲೈನಾ ಲಾಸ್ರಾದೊ ಹಾಗೂ 4 ಸ್ವಯಂ ಸೇವಾ ಸಂಸ್ಥೆಗಳ ಪದಾಧಿಕಾರಿಗಳು ಉಪಸ್ಥಿತರಿದ್ದರು. ಸಂಪನ್ಮೂಲ ವ್ಯಕಿಗಳಾದ ಶ್ರೀ ಜೇಮ್ಸ್ ಅಬ್ರಾಹಂ ತರಬೇತಿದಾರರು ರುಡ್‌ಸೆಟ್ ಸಂಸ್ಥೆ ಉಜಿರೆ. ಡಾ|. ಜಯ ಕುಮಾರ್ ಶೆಟ್ಟಿ ಎಸ್.ಡಿ.ಯಂ ಕಾಲೇಜು ಉಜಿರೆ ಹಾಗೂ ಡಾ|. ಕೃಷ್ಣ ಮೂರ್ತಿ ನಿವೃತ ಪ್ರಾಂಶುಪಾಲರು ವಸತಿ ನಿಲಯ ಉಜಿರೆ ಇವರು ಸ್ಥಳೀಯ ಸಂಪನ್ಮೂಲ ಕ್ರೋಡಿಕರಣ ಹಾಗೂ ಮಾನವ ಸಂಪನ್ಮೂಲಗಳ ಬಗ್ಗೆ ತರಬೇತಿ ನೀಡಿದರು. ಕಾಯಕರ್ತೆ ಶ್ರೀಮತಿ ಸುಶೀಲ ಕೆ.ಜಿ ಸ್ವಾಗತಿಸಿದರು. ಶ್ರೀ ಜೋನ್ಸನ್ ವಂದಿಸಿ ಶ್ರೀ ಮಾರ್ಕ್ ಡಿ ಸೋಜ ಕಾರ್ಯಕ್ರಮವನ್ನು ನಿರೂಪಿಸಿದರು. ಒಟ್ಟು 44 ಮಂದಿ ಸದಸ್ಯರು ಮಹಿತಿಯನ್ನು ಪಡೆದುಕೊಂಡರು. ದಿನಾಂಕ 07.12.2024 ರಂದು ಕೊಕ್ಕಡದ ಧನಲಕ್ಷ್ಮಿ ಸಂಘದ ಸದಸ್ಯರಿಗೆ ಸರಕಾರಿ ಸೌಲಭ್ಯಗಳ ಬಗ್ಗೆ ಮಹಿತಿ ನೀಡಲಾಗಿದೆ. ಒಟ್ಟು 15 ಮಂದಿ ಸದಸ್ಯರು ಭಾಗವಹಿಸಿದರು.

**ಸ್ಪರ್ಶ ಕಾರ್ಯಕ್ರಮ:**

ದಿನಾಂಕ 24.11.2024 ರಂದು ಕಲ್ಲಕ್ಕಿಯಲ್ಲಿ ಕ್ಯಾನ್ಸರ್ ರೋಗದ ಬಗ್ಗೆ ಕಾರ್ಯಕರ್ತೆ ಶ್ರೀಮತಿ ಸರೋಜರವರು ಮಾಹಿತಿ ನೀಡಿದರು. ಒಟ್ಟು 9 ಮಂದಿ ಸದಸ್ಯರು ಉಪಸ್ಥಿತರಿದ್ದರು.

ದಿನಾಂಕ 29.11.2024 ರಂದು ಮದ್ದೋಡಿಯಲ್ಲಿ ಕ್ಯಾನ್ಸರ್ ರೋಗದ ಬಗ್ಗೆ ಕಾರ್ಯಕರ್ತೆ ಶ್ರೀಮತಿ ಮುತ್ತುರವರು ಮಾಹಿತಿ ನೀಡಿದರು. ಒಟ್ಟು 9 ಮಂದಿ ಸದಸ್ಯರು ಉಪಸ್ಥಿತರಿದ್ದರು. ದಿನಾಂಕ 1.12.2024 ರಂದು ಜಡ್ಕಲ್‌ನಲ್ಲಿ ಕ್ಯಾನ್ಸರ್ ರೋಗದ ಬಗ್ಗೆ ಕಾರ್ಯಕರ್ತೆ ಶ್ರೀಮತಿ ಪುಷ್ಪಲತಾರವರು ಮಾಹಿತಿ ನೀಡಿದರು. ಒಟ್ಟು 9 ಮಂದಿ ಸದಸ್ಯರು ಉಪಸ್ಥಿತರಿದ್ದರು. ದಿನಾಂಕ 10.12.2024 ರಂದು ಬೀಸಿನಪಾರೆಯಲ್ಲಿ ಕ್ಯಾನ್ಸರ್ ರೋಗದ ಬಗ್ಗೆ ಎ.ಎನ್. ಎಮ್ ಮುಕಾಂಬುರವರು ಮಾಹಿತಿ ನೀಡಿದರು. ಒಟ್ಟು 11 ಮಂದಿ ಸದಸ್ಯರು ಉಪಸ್ಥಿತರಿದ್ದರು.

ದಿನಾಂಕ 14.12.2024 ರಂದು ಕುಟ್ರುಪಾಡಿಯಲ್ಲಿ ಕ್ಯಾನ್ಸರ್ ರೋಗದ ಬಗ್ಗೆ ಕಾರ್ಯಕರ್ತೆ ಶ್ರೀಮತಿ ಸುಶಿಲ ಕೆ.ಜಿ.ರವರು ಮಾಹಿತಿ ನೀಡಿದರು. ಒಟ್ಟು 13 ಮಂದಿ ಸದಸ್ಯರು ಉಪಸ್ಥಿತರಿದ್ದರು.

ದಿನಾಂಕ 15.12.2024 ರಂದು ಬಾಡದಲ್ಲಿ ಕ್ಯಾನ್ಸರ್ ರೋಗದ ಬಗ್ಗೆ ಕಾರ್ಯಕರ್ತೆ ಶ್ರೀಮತಿ ಸರೋಜರವರು ಮಾಹಿತಿ ನೀಡಿದರು. ಒಟ್ಟು 8 ಮಂದಿ ಸದಸ್ಯರು ಉಪಸ್ಥಿತರಿದ್ದರು.

**ವಿಧ್ಯಾನಿಧಿ ಯೋಜನೆ:**

ಬೆಳ್ತಂಗಡಿ ಧರ್ಮಪ್ರಾಂತ್ಯದ ರಜತ ಮಹೋತ್ಸವದ ಸವಿನೆನಪಿಗಾಗಿ ಬಡ ವಿದ್ಯಾರ್ಥಿಗಳ ಶೈಕ್ಷಣಿಕ ಸಹಾಯಕ್ಕಾಗಿ ಆರಂಭಿಸಿದ ಈ ಯೋಜನೆಯ ಮೂಲಕ ಇದುವರೆಗೆ ಒಟ್ಟು 199 ಮಂದಿ ಆರ್ಥಿಕ ಸಹಾಯ ಸಂಸ್ಥೆಗೆ ನೀಡಿದ್ದಾರೆ.

ಜೇಮ್ಸ್ ಮತ್ತು ಮೇರಿ ಅರುಪರಯಿಲ್ ಸ್ಕೋಲರ್‌ಶಿಪ್‌ನ ಅಡಿಯಲ್ಲಿ ಬಿ.ಎಸ್.ಸಿ ವಿದ್ಯಾರ್ಥಿನಿಗೆ ವಾರ್ಷಿಕ ರೂ.50,000/– ದಂತೆ ಪ್ರಥಮ ಹಂತದ ಸ್ಕೋಲರ್‌ಶಿಪ್ ನೀಡಿರುತ್ತದೆ.

ವಿದ್ಯಾನಿಧಿ ಯೋಜನೆಯ ಅಡಿಯಲ್ಲಿ ಬಿ.ಎಸ್.ಸಿ ಕಲಿಯುತ್ತಿರುವ ಒಂದು ವಿದ್ಯಾರ್ಥಿನಿಗೆ ಪ್ರಥಮ ಹಂತದ ರೂ. 25,000/– ಹಾಗೂ ಜಿ.ಎನ್.ಮ್ ನರ್ಸಿಂಗ್ ಕಲಿಯುತ್ತಿರುವ ಒಂದು ವಿದ್ಯಾರ್ಥಿನಿಗೆ ರೂ.15,000/– ನೀಡಿ ಈ ಯೋಜನೆಯ ವಿತರಣಾ ಕಾರ್ಯಕ್ರಮದ ಉದ್ಘಾಟನೆಯನ್ನು ಡಿ.ಕೆ.ಆರ್.ಡಿ.ಎಸ್ ಮಹಾಸಭೆಯಲ್ಲಿ ನಡೆಸಲಾಯಿತು. ಧರ್ಮಕೇಂದ್ರಗಳಿಗೆ ಸ್ಕಾಲರ್‌ಶಿಪ್ ಪಡೆಯಲು ಅರ್ಜಿಗಳನ್ನು ವಿತರಿಸಲಾಗಿದೆ.

**ಕ್ರಿಸ್ಮಸ್ ಆಚರಣೆ:**

ದಿನಾಂಕ 20.12.2024 ರಂದು ಬೆಳ್ತಂಗಡಿ ತಾಲೂಕು ಪತ್ರಕರ್ತರ ಜೊತೆ ಕ್ರಿಸ್‌ಮಸ್ ಹಬ್ಬ ಆಚರಿಸಲಾಯಿತು. ಬೆಳ್ತಂಗಡಿ ತಾಲೂಕು ಪರ್ತಕರ್ತರ ಸಂಘದ ಅಧ್ಯಕ್ಷರಾದ ಚೈತ್ರೇಶ್ ಇಲಂತಿಲ ಕಾರ್ಯಕ್ರಮಕ್ಕೆ ಶುಭಹಾರೈಸಿದರು.

ಡಿ.ಕೆ.ಆರ್.ಡಿ.ಎಸ್ ಸಂಸ್ಥೆಯ ನಿರ್ದೇಶಕರಾದ ವಂದನೀಯ ಫಾ. ಬಿನೋಯಿ ಎ.ಜೆ.ರವರು ಕ್ರಿಸ್ಮಸ್ ಸಂದೇಶ ನೀಡಿ ಎಲ್ಲರಿಗೂ ಕಿರುಕಾಣಿಕೆ ನೀಡಿದರು. ಸಹಭೋಜನದೊಂದಿಗೆ ಕಾರ್ಯಕ್ರಮ ಕೊನೆಗೊಳಿಸಲಾಯಿತು.

ದಿನಾಂಕ 23.12.2024 ರಂದು ಡಿ.ಕೆ.ಆರ್.ಡಿ.ಎಸ್ ಸಿಬ್ಬಂಧಿಗಳ ಜೊತೆ ಕ್ರಿಸ್‌ಮಸ್ ಹಬ್ಬ ಆಚರಿಸಲಾಯಿತು. ಸಂಯೋಜಕಿ ಕು. ಶ್ರೇಯರವರು ಕ್ರಿಸ್‌ಮಸ್ ಸಂದೇಶ ನೀಡಿದರು. ಡಿ.ಕೆ.ಆರ್.ಡಿ.ಎಸ್. ಸಂಸ್ಥೆಯ ನಿರ್ದೇಶಕರಾದ ವಂದನೀಯ ಫಾ. ಬಿನೋಯಿ ಎ.ಜೆ.ರವರು ಶುಭ ಹಾರೈಕೆ ಮಾಡಿ ಎಲ್ಲಾ ಸಿಬ್ಬಂಧಿಗಳಿಗೆ ಕಿರುಕಾಣಿಕೆ ನೀಡಿದರು.
ದಿನಾಂಕ 23.12.2024 ರಂದು ಸಾಂತೋಮ್ ಕಟ್ಟಡದ ವರ್ತಕರ ಜೊತೆ ಸೇರಿ ಕ್ರಿಸ್‌ಮಸ್ ಆಚರಣೆ ಮಾಡಲಾಯಿತು. ಡಿ.ಕೆ.ಆರ್.ಡಿ.ಎಸ್ ಸಂಸ್ಥೆಯ ನಿರ್ದೇಶಕರಾದ ವಂದನೀಯು ಫಾ. ಬಿನೋಯಿ ಎ.ಜೆ.ರವರು ಕ್ರಿಸ್‌ಮುಸ್ ಸಂದೇಶ ನೀಡಿದರು.ಸಹಭೋಜನದೊಂದಿಗೆ ಕಾರ್ಯಕ್ರಮ ಕೊನೆಗೊಳಿಸಲಾಯಿತು.

**ಡಿ.ಕೆ.ಆರ್.ಡಿ.ಎಸ್ ಮಹಾಸಭೆ:**

ದಿನಾಂಕ 11.12.2024 ರಂದು ಸಂಸ್ಥೆಯ ಆಡಳಿತ ಮಂಡಳಿ ಹಾಗೂ ಮಹಾಸಭೆಯು ಡಿ.ಕೆ.ಆರ್.ಡಿ.ಎಸ್ ಸಂಸ್ಥೆಯ ಅಧ್ಯಕ್ಷರಾದ ಪರಮಪೂಜ್ಯ ಲಾರೆನ್ಸ್ ಮುಕ್ಕುಯಿಯವರ ಅಧ್ಯಕ್ಷತೆಯಲ್ಲಿ ನಡೆಯಿತು. ಸಂಸ್ಥೆಯ ವಾರ್ಷಿಕ ಲೆಕ್ಕಪರಿಶೋಧನಾ ವರದಿಯ ಮಂಡನೆ ನಡೆಯಿತು.

**Fr. Varkey Malikayil**
Director, Social Service Department



**Belthangady : Sisters' Gathering - II**
**30.11.2024**



# Diocesan Bible Convention
# Thotathady, 6-10.12.2024







# Diocesan Bible Convention
# Thotathady, 6-10.12.2024







# Diocesan Bible Convention
# Thotathady, 6-10.12.2024







# Bible Quiz Seniors Competitions
## Belthangady - 15.12.2024




Ist - Gandibagilu




IInd - Kattippalla




IIIrd - Arla

# Bible Quiz Juniors Competitions
## Belthangady - 15.12.2024




I$^{st}$ - Kuthloor




II$^{nd}$ - Gandibagilu




III$^{rd}$ - Kattippalla

# CONGRATULATIONS

## Silver Jubilarian

25 YEARS ANNIVERSARY



**Rev. Fr. Jose (Biju) Ayamkudy**
**(27.12.2000)**

---




**Catechetical Teachers who completed 25 years**


Happy New YEAR
happybirthdayblessings.com
2025
This year, let's fill the pages
of life with new experiences
and beautiful memories.
Happy New Year to you!

# അഭിവന്ദ്യ പിതാവിന്റെ ഡയറിയിൽനിന്ന്

## ഡിസംബർ - 2024

02. രാവിലെ 08.30 ന് രൂപതാ കാര്യാലയത്തിൽ നടന്ന കൂരിയ മീറ്റിങ്ങിൽ അധ്യക്ഷത വഹിച്ചു.

04. രാവിലെ ജ്ഞാനനിലയത്തിൽ വച്ച് നടന്ന രൂപതാ ഇന്റർ കമ്മീഷൻ യോഗത്തിൽ പങ്കെടുത്തു.

05. ഉച്ചകഴിഞ്ഞ് 02.30 ന് ഹൊസ്ക്കോട്ടെ ദീപ്തി സ്കൂളിന്റെ സ്കൂൾഡേ ആഘോഷത്തിൽ പങ്കെടുത്തു.

06. രാവിലെ 08.30 ന് രൂപതാ കാര്യാലയത്തിൽ വച്ച്, രൂപതാ കേന്ദ്രത്തിലും ജ്ഞാനനിലയത്തിലുമുള്ള വൈദികരോടൊപ്പം നടന്ന മീറ്റിങ്ങിൽ അധ്യക്ഷത വഹിച്ചു.

06. തോട്ടത്താടിയിൽ വച്ച് നടന്ന രൂപതാ ബൈബിൾ കൺവെൻഷന്റെ ആരംഭത്തിൽ വി. ബലി അർപ്പിക്കുകയും, സന്ദേശം നൽകുകയും, ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

06-10. തോട്ടത്താടിയിൽ വച്ച് നടന്ന രൂപതാ ബൈബിൾ കൺവെൻഷനിൽ പങ്കെടുത്തു.

11. രാവിലെ ഡി. കെ. ആർ. ഡി. എസ്. ന്റെ ഭരണസമിതി, ജനറൽ ബോഡി എന്നീ യോഗങ്ങളിൽ അദ്ധ്യക്ഷത വഹിച്ചു.

12. രാവിലെ 11.00 ന് രൂപതാ കാര്യാലയത്തിൽ വച്ച്, എഫ്. സി. സി. കണ്ണൂർ പ്രോവിൻസ്, പ്രൊവിൻഷ്യാൾ ബഹു. സി. അഞ്ചലിയുമായി കൂടിക്കാഴ്ച്ച നടത്തി.

12-13. പുത്തൂർ മൈനർ സെമിനാരി സന്ദർശിച്ചു.

15. രാവിലെ 11.30 ന് ജ്ഞാനനിലയത്തിൽ വച്ച് നടന്ന വിശ്വാസ പരിശീലന മേഖലയിൽ 25 വർഷം നിസ്വാർത്ഥമായ സേവനം അനുഷ്ഠിച്ചവരെയും, മതബോധന രംഗത്ത് ഉന്നത വിജയം കരസ്തമാക്കിയവരെയും, മറ്റു പ്രതിഭകളേയും, മതബോധന

സ്കോളർഷിപ്പ് വിജയികളേയും, രൂപതാതല ബൈബിൾ ക്വിസ്സിൽ വിജയികളായവരെയും, അനുമോദിക്കുന്ന യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു.

16. രാവിലെ മുദൂർ ഭാരത്ത് മാതാ സ്കൂളിൽ നടന്ന യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു.

18. വൈകുന്നേരം 07.00 ന് അളദംങ്ങഡി സെന്റ് പീറ്റർ ക്ലവർ സ്കൂളിന്റെ സ്കൂൾഡേ ആഘോഷത്തിൽ പങ്കെടുത്തു.

19. രാവിലെ 10.00 ന് ബെൾത്തംഗഡി സെന്റ് മേരീസ് സ്കൂളിന്റെ സ്കൂൾഡേ ആഘോഷത്തിൽ പങ്കെടുത്തു.

20. രാവിലെ 10.00 ന് ഗണ്ടിബാഗിലു സ്കൂളിൽ പീ.ഈ.റ്റി. സാർ ശ്രി അലക്സാണ്ടർ സാറിന്റെ യാത്രയയ്പ്പ് യോഗത്തിൽ പങ്കെടുക്കുകയും സന്ദേശം നൽകുകയും ചെയ്തു. വൈകുന്നേരം കരുവഞ്ചാൽ വൈദിക മന്ദിരം സന്ദർശിച്ചു.

21. ചെമ്പേരി വിമൽ ജ്യോതി എൻജിനീയറിങ് കോളേജിൽ വച്ച് നടന്ന അഭി. പിതാവിന്റെ ജൂബിലി ആഘോഷത്തിൽ പങ്കെടുത്തു.

22. വൈകുന്നേരം 07.00 ന് പുത്തൂർ മൈനർ സെമിനാരിയിൽ ക്രിസ്തുമസ് ആഘോഷത്തിൽ പങ്കെടുത്ത് സന്ദേശം നൽകി.

23. രാവിലെ ജ്ഞാനനിലയത്തിൽ വച്ച്, രൂപതാ കേന്ദ്രത്തിലും ജ്ഞാന നിലയത്തിലുള്ളവരോടൊപ്പം ക്രിസ്തുമസ്സ് ആഘോഷത്തിൽ പങ്കെടുത്തു.

24. ക്രിസ്തുമസ് ദിനത്തിൽ കത്തീഡ്രൽ ദേവാലയത്തിൽ നടത്തിയ തിരുപ്പിറവിയുടെ തിരുകർമ്മങ്ങൾക്ക് മുഖ്യ കാർമ്മികത്വം വഹിച്ച് സന്ദേശം നൽകി.

28. രാവിലെ 10.00 ന് മാളചൗക്കി ഇടവക ദേവാലയത്തിൽ വച്ച് ബഹു. സണ്ണി ആലപ്പാട്ടച്ചന്റെ പൗരോഹിത്യ സ്വീകരണത്തിന്റെ സിൽവർ ജൂബിലി ആഘോഷത്തിൽ പങ്കെടുക്കുകയും സന്ദേശം നൽകുകയും ചെയ്തു. വൈകുന്നേരം തോട്ടത്താടി സെന്റ് സാവിയോ സ്കൂളിൽ കേ. എസ്. എം. സി. എ. യുടെ നേതൃത്വത്തിൽ നടന്ന ക്രീസ്മസ് കപ്പ്-2024 വിജയികളായവർക്ക് സമ്മാനം നൽകുകയും സന്ദേശം നൽകുകയും ചെയ്തു.

29. രാവിലെ 08.00 ന്  സെന്റ് ലോറൻസ് കത്തീഡ്രൽ പള്ളിയിൽ നമ്മുടെ രൂപതയിൽ ഈശോയുടെ ജൂബിലി വർഷം ഔദ്യോഗികമായി ആരംഭിക്കുകയും വിശുദ്ധ ബലിയർപ്പിച്ച് സന്ദേശം നൽകുകയും ചെയ്തു.

30. രാവിലെ 10.00 ന് ഗണ്ടിബാഗിലു സ്കൂളിൽ പ്രധാന അദ്ധ്യാപിക ശ്രീമതി ത്രേസ്യാ മഡംത്തിന്റെ മകളുടെ വിവാഹം കോടിയംബാള ഇടവക ദേവാലയത്തിൽവച്ച് ആശീർവദിച്ചു.

31. രാത്രി 11.00 ന് കത്തീഡ്രൽ ദേവാലയത്തിൽ വച്ച് നടത്തപ്പെട്ട വർഷാവസാന തിരുകർമ്മങ്ങളിൽ മുഖ്യ കാർമ്മികത്വം വഹിച്ച് സന്ദേശം നൽകി.



## BISHOP'S ENGAGEMENTS

# JANUARY - 2025

| | | | |
|---|---|---|---|
| 01. | Morning | : | Cathedral Church |
| 02. | Kalenja | | |
| 03. | Belthangady | : | New Year Gathering |
| 04. | Belthangady | : | Cathedral Church |
| 06-11. | Kakkanad | : | Syro-Malabar Bishop's Synod |
| 14. | Kodiambala | | |
| 15. | Puttur Seminary | | |
| 24. | Belthangady | : | Jnananilaya |
| 28. | Karkala | | |
| 30-31 | Engaged | | |

Registered News Paper Monthly

**UDAYADEEPA BELTHANGADY**

REGISTERED NO.PTR/105/2024-2026

LICENSED TO POST WITHOUT PREPAYMENT

LICENSE NO. SK/WPP/PTR/219/2024-26

RNI No. KARMUL/ 2010/ 32217

**POSTED AT BELTHANGADY ON THE LAST DAY OF THE MONTH**

**ANNUAL SUBSCRIPTION RS. 140/- PER COPY RS.12/-**




Printed, Published and Owned by Fr. Joseph Valiaparambil, Bishop's House, P.B. No.13, Belthangady - 574214, Dist.-Dakshina Kannada, Karnataka, Tel.: 08256- 233975, Mob.: 09448251184. E-mail:Udayadeepabel@gmail.com. Place of publication: Bishop's House, P.B. No.13, Belthangady-574214, Dist. Dakshina Kannada, Karnataka. Printed at Shree Raghavendra Printers, Ujire-574 240, Phone: 08256–236421, Email:rpujire@gmail.com.
Editor: Fr. Lawrence Poonolil, Chancellor, 9481039879